بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 28.06.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

# ബനൂനദീർ യുദ്ധനീക്കം അവസാന ഭാഗം

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ബനൂനദീറുമായുള്ള യുദ്ധത്തെ സംബന്ധിച്ചാണ് പറഞ്ഞു വന്നിരുന്നത്. ഇതേക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: തിരുനബി(സ) ബനൂനദീറിന്റെ കോട്ടകൾ ലക്ഷ്യമാക്കി പുറപ്പെട്ടപ്പോൾ മദീന നിവാസികൾക്ക് ഇമാമുസ്സലാത്ത് ആയി ഇബ്നു മക്തൂമിനെ നിശ്ചയിക്കുകയുണ്ടായി. നബി(സ) സ്വഹാബാക്കളുടെ ഒരു സംഘവുമായി പുറപ്പെടുകയും ബനൂനദീറിന്റെ പ്രദേശത്തെ ഉപരോധിക്കുകയും ചെയ്തു. ബനൂനദീർ അന്നത്തെ യുദ്ധരീതിയനുസരിച്ച് വീട്ടുതടങ്കലിൽ ആകുകയും ചെയ്തു. ഏറെക്കുറെ ഇതേ അവസരത്തിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലും മദീനയിലെ മറ്റ് മുനാഫിഖീംകളും ബനൂനദീറിന്റെ മൂപ്പന്മാരോട് പറഞ്ഞു: നിങ്ങൾ ഒരു കാരണവശാലും മുസ്ലിംകളോട് സഹകരിക്കരുത്. ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്. നിങ്ങൾക്ക്വേണ്ടി യുദ്ധം ചെയ്യുന്നതുമാണ്. എന്നാൽ യുദ്ധം തുടങ്ങിയപ്പോൾ മുനാഫിഖീംകൾക്ക് നബി(സ)നെതിരിൽ രണാങ്കണത്തിൽ വരാൻ ധൈര്യമുണ്ടായില്ല. ബനൂഖുറൈസക്കും മുസ്ലിംകൾക്കെതിരിൽ തുറന്ന നിലയിൽ ബനൂനദീറിനെ സഹായിക്കാൻ ആർജവമുണ്ടായില്ല. ഏതായാലും ബനൂനദീർ മുസ്ലിംകളുമായി തുറന്ന പോരിന് വരികയുണ്ടായില്ല. വീട്ടുതടങ്കലിൽ തന്നെ കഴിച്ചുകൂട്ടി. അവരുടെ കോട്ടകൾ അക്കാലത്തിനനുസരിച്ച് വളരെ ശക്തമായിരുന്നു. അതുകൊണ്ട് മുസലിംകൾക്ക് തങ്ങളെ ഒന്നും ചെയ്യാൻ കഴിയില്ലെന്നും അവസാനം സ്വയം പ്രയാസത്തിലായി മുസ്ലിംകൾ ഉപരോധം ഉപേക്ഷിക്കുമെന്നും അവർ കരുതി. ഏതായാലും നബി(സ) അവിടെയെത്തി ബനൂനദീറിനുള്ള ഉപരോധം തുടരുകയുണ്ടായി. ഈ ഉപരോധം 6 ദിവസം ചില നിവേദനങ്ങൾ പ്രകാരം 15 ദിവസം വരെ നീണ്ടു നിന്നു. ഇതു കൂടാതെ 20, 23 ദിവസം എന്ന നിവേദനങ്ങളുമുണ്ട്.

ഏതാനും ദിവസങ്ങൾക്കുശേഷം നബി(സ) (ബനൂനദീറിന്റെ) കോട്ടക്ക് പുറത്തുള്ള ചില ഈന്തപ്പനകൾ മുറിക്കാൻ കൽപ്പന നൽകുകയുണ്ടായി. ഈ ഈന്തപ്പനകൾ ലീന എന്നയിനത്തിൽ ഉള്ളവയായിരുന്നു. അത് വളരെ താഴ്ന്ന കിടയിലുള്ള ഈന്തപ്പഴമായിരുന്നു, അത് പൊതുവിൽ മനുഷ്യൻ തിന്നാൻ ഉപയോഗിക്കാറില്ല. യഹൂദികൾ കോട്ടകളിലെ കവാടങ്ങളിലൂടെ ഈ മരങ്ങൾ അവർക്ക് പ്രതിരോധം തീർക്കുന്ന രീതിയിൽ അമ്പുകളും കല്ലുകളും (മുസ്ലിംകൾക്ക് നേരെ) എറിഞ്ഞുകൊണ്ടിരുന്നു. ഈ കൽപ്പനയുടെ ഉദ്ദേശ്യം, പ്രസ്തുത മരങ്ങൾ മുറിക്കുന്നതു കാണുമ്പോൾ ബനൂനദീർ കീഴടങ്ങി തങ്ങളുടെ കോട്ടയുടെ കവാടങ്ങൾ തുറക്കണമെന്നും അങ്ങനെ ഏതാനും മരങ്ങൾക്കുണ്ടാകുന്ന നഷ്ടം നിരവധി മനുഷ്യ ജീവനുകൾ നഷ്ടപ്പെടാതിരിക്കണമെന്നും നാട്ടിൽ അക്രമവും കലാപവും ഇല്ലാതാക്കണമെന്നതുമായിരുന്നു.

അല്ലാഹുവിന്റെ പ്രത്യേക കൽപ്പന പ്രകാരമാണ് തിരുനബി(സ) മരങ്ങൾ കത്തിക്കാനുള്ള കൽപ്പന നൽകിയതെന്ന് മനസ്സിലാകുന്നുണ്ട്. അങ്ങനെ ഈ ഉപായം പ്രയോജനപ്പെട്ടു. ഏതാനും മരങ്ങൾ വെട്ടിയപ്പോൾ തന്നെ മുസ്ലിംകൾ തങ്ങളുടെ ഫലദായകമായ മുഴുവൻ മരങ്ങൾ വെട്ടാതിരിക്കട്ടെ എന്ന ചിന്തയിൽ വേവലാതിപ്പെടാൻ തുടങ്ങി. സാധാരണ ഗതിയിൽപോലും മുസ്ലിംകൾക്ക് ശത്രുക്കളുടെ മരങ്ങൾ വെട്ടാൻ അനുമതി ഉണ്ടായിരുന്നില്ല. ഏതായാലും (15 ദിവസത്തെ ഉപരോധത്തിനു ശേഷം) ബനൂനദീർ തങ്ങൾക്ക് സാധന സാമഗ്രികളുമായി പോകാൻ അനുമതി നലകണമെന്ന നിബന്ധനയിൽ കോട്ടയുടെ കവാടങ്ങൾ തുറക്കുകയുണ്ടായി.

യഹൂദികളുടെ നിസ്സഹായാവസ്ഥയേയും അവർ സ്വയം നാടുവിടാൻ അപേക്ഷിച്ചതിനെയും സംബന്ധിച്ച വിശദാംശത്തിൽ എഴുതുന്നു, മുസ്‌ലിംകൾ ഈ ഗോത്രത്തിന്റെ വൃക്ഷങ്ങൾ കത്തിച്ചുകൊണ്ട് അവരെ കൂടുതൽ അങ്കലാപ്പിലാക്കുകയുണ്ടായി. അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയമുളവാക്കുകയും അവരുടെ ആത്മവിശ്വാസം നഷ്ടപ്പെടുകയും അവർ ആയുധം താഴെവെക്കാൻ നിർബന്ധിതരാകുകയും ചെയ്തു. (മദീനയിൽനിന്ന്) നാടുവിടാൻ അനുവദിക്കണമെന്ന അവരുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് നബി(സ) പറഞ്ഞു: നിങ്ങൾ മദീന വിട്ടു പോകുകയാണെങ്കിൽ നിങ്ങളുടെ ജീവൻ സുരക്ഷിതമായിരിക്കും. ആയുധങ്ങളൊഴികെ നിങ്ങളുടെ ഒട്ടകങ്ങളിൽ കൊണ്ടുപോകാൻ കഴിയുന്നത്രയും സാധനങ്ങൾ നിങ്ങൾക്ക് കൊണ്ടുപോകാവുന്നതുമാണ്.

(ഇസ്‌ലാമിനും) നബി(സ)നുംമേൽ (ആക്രമണത്തിന്റെ) ആരോപണം ഉന്നയിക്കുന്നവർ മനസ്സിലാക്കേണ്ടത്, തുടർച്ചയായി കരാർ ലംഘിച്ചിരുന്ന, മദീന പ്രവിശ്യയുടെ ഭരണാധിപനായ നബി(സ)നെ വധിക്കാൻ പലതവണ നിന്ദാവഹമായ ഗൂഢാലോചനകളും പ്രയത്നങ്ങളും ചെയ്തിരുന്ന, ആയുധവുമേന്തി കൃത്യമായ കലാപം നടത്താൻ ഇറങ്ങിത്തിരിച്ചിരുന്ന യഹൂദികൾക്ക്മേൽ നിയന്ത്രണം കൈവരിച്ചിരുന്ന (നബി(സ)ന് അവരെ കീഴ്പ്പെടുത്തിയപ്പോൾ അവർക്ക് എത്രയും കഠിനമായ ശിക്ഷ നൽകാമായിരുന്നു. എന്നാൽ) തിരുനബി(സ)ന്റെ സമാധാനപ്രിയവും രഞ്ജിപ്പും മനുഷ്യകുലത്തോടുള്ള കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും അത്ഭുതാവഹമായ പ്രതാപവും ഉന്നതസ്വഭാവവുമാണ് വെളിപ്പെട്ടത്. നബി(സ) അവർക്ക് സമാധാന പൂർവം പോകാനുള്ള അനുമതി നൽകുകയുണ്ടായി. കാരുണ്യത്തിന്റെ അവസ്ഥ നോക്കുക, ആയുധക്കോപ്പുകളൊഴികെ സാദ്ധ്യമായ സാധനങ്ങളൊക്കെ കൊണ്ടുപോകാനുള്ള അനുമതിയും നൽകി.

(ബനൂനദീറിന്റെ) നാടുകടത്തലിന് നബി(സ) 4 നിബന്ധനകൾ വെച്ചിരുന്നു. ഒന്ന്. ബനൂനദീറിലെ യഹൂദികൾ മദീനക്ക് പുറത്ത് എവിടേക്കു വേണമെങ്കിലും പോകാവുന്നതാണ്. രണ്ട്. യഹൂദികൾ മദീന വിടുമ്പോൾ തികച്ചും നിരായുധരായിരിക്കണം. മൂന്ന്. തങ്ങൾക്ക് കൊണ്ടു പോകാൻ കഴിയുന്നത്രയും സാധനസാമഗ്രികൾ കൊണ്ടുപോകാവുന്നതാണ്. നാല്. യഹൂദികൾ സാധ്യമായത്ര സമ്പത്ത് എടുത്തതിനുശേഷം ബാക്കിയാവുന്ന അവരുടെ സ്ഥാവര സ്വത്തുക്കൾ മുസ്‌ലിംകളുടെ അധീനതയിൽ വരുന്നതാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇത് സംബന്ധിച്ച് എഴുതുന്നു: ബനൂനദീർ വലിയ പ്രതാപാത്തോടെ തങ്ങളുടെ എല്ലാ സാധന സാമഗ്രികളും എത്രത്തോളമെന്നാൽ സ്വന്തം ഭവനങ്ങൾ സ്വകരങ്ങളാൽ പൊളിച്ചുമാറ്റി അതിന്റെ വാതിലുകളും കട്ടിലകളും മരഉരുപ്പടികളും എല്ലാം പിഴുതെടുത്ത് കൂടെ കൊണ്ടുപോകുകയുണ്ടായി. ഇവർ മദീനയിൽനിന്ന് വലിയ ആഘോഷപൂർവം പാട്ടും വാദ്യവുമായി കല്യാണപാർട്ടി പോകുന്നതുപോലെയാണ് പോയത്. അതേ സമയം അവരുടെ യുദ്ധസാമഗ്രികളും സ്ഥാവര സ്വത്തുക്കൾ അതായത് തോട്ടങ്ങളും മറ്റും മുസ്‌ലിംകളുടെ കൈകളിലായി. ഈ സമ്പത്ത് പ്രത്യക്ഷത്തിൽ യാതൊരു യുദ്ധവും കൂടാതെ കിട്ടിയതായിരുന്നു. അതുകൊണ്ട് ഇസ്‌ലാമിക ശരീഅത്ത് അനുസരിച്ച് അതിന്റെ വിതരണം പൂർണമായും നബി(സ)ന്റെ കൈകളിൽ ആയിരുന്നു. നബി(സ) ഈ സമ്പത്ത് അധികവും ദരിദ്രരായ മുഹാജിരീങ്ങൾക്കിടയിലാണ് വിതരണം ചെയ്തത്. അവരുടെ ഉപജീവനത്തിനുള്ള ഭാരം തുടക്കത്തിൽ ഉണ്ടാക്കിയ സാഹോദര്യ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ അൻസാറുകളുടെ സമ്പത്തിൽ തന്നെ തുടർന്നുവരികയായിരുന്നു. അങ്ങനെ നേരിട്ട് അൻസാറുകളും ഈ സമരാർജിത സമ്പത്തിൽ ഭാഗഭാക്കാകുകയുണ്ടായി.

സ്വഹാബിയായ മുഹമ്മദ് ബിൻ മസ്‌ലമയുടെ മേൽനോട്ടത്തിൽ ബനൂനദീർ മദീനയിൽനിന്ന് പുറത്തേക്ക് പോകുമ്പോൾ ചില അൻസാറുകൾ ചിലരെ അവരോടൊപ്പം പോകുന്നതിൽനിന്ന് തടയാൻ ആഗ്രഹിച്ചിരുന്നു. അവർ വാസ്തവത്തിൽ അൻസാറുകളുടെ തന്നെ മക്കളായിരുന്നു. പക്ഷെ അൻസാറുകൾ ചെയ്ത നേർച്ച കാരണം അവർ യഹൂദികളായിട്ടുണ്ടായിരുന്നു. ബനൂനദീർ അവരെ കൂടെ കൊണ്ടുപോകാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അൻസാറുകളുടെ ഈ ആവശ്യം ഇസ്‌ലാമിക അധ്യാപനമായ **ലാ ഇക്റാഹ ഫിദ്ദീൻ** (മതത്തിൽ ബലാൽക്കാരമില്ല) എന്നതിന് നിരക്കാത്തതായതിനാൽ നബി(സ) മുസ്‌ലിംകൾക്കെതിരിൽ യഹൂദികൾക്ക് അനുകൂലമായി വിധി പ്രസ്താവിക്കുകയുണ്ടായി. തുടർന്ന് പറഞ്ഞു: പോകാൻ ആഗ്രഹിക്കുന്ന ഒരു യഹൂദിയെയും നമ്മൾ തടയുന്നതല്ല. അതേസമയം ബനൂനദീറിലെ രണ്ട് ആളുകൾ സ്വന്തം ഇഷ്ടപ്രകാരം മുസ്‌ലിമായി മദീനയിൽ തന്നെ തങ്ങുകയുണ്ടായി.

ഒരു നിവേദനത്തിൽ പറയുന്നു: തിരുനബി(സ) ബനൂനദീറിനെ സംബന്ധിച്ച് അവർ ശാമിലേക്ക് പോകണമെന്ന് തീരുമാനം പറഞ്ഞിരുന്നു.

അതായത് അറേബ്യയിൽ തങ്ങരുത്. പക്ഷെ എന്നിട്ടും അവരിലെ ചില മൂപ്പന്മാർ അതായത് സലാം ബിൻ അബീ ഹുഖൈഖ്, കിനാന ബിൻ റബീഅ്, ഹുയ്യി ബിൻ അഖ്തബ് എന്നിവർ ഹിജാസിനു വടക്കുള്ള യഹൂദികളുടെ കേൾവിപ്പെട്ട നാടായ ഖൈബറിൽ പോയി താമസമാക്കി. ഖൈബർ വാസികൾ അവരെ നല്ലപോലെ സ്വീകരിക്കുകയും ചെയ്തു. ഇവർ പിന്നീട് മുസ്‌ലിംകൾക്കെതിരിൽ ഭയാനകമായ കലാപത്തിനും ശക്തമായ യുദ്ധത്തിനും കാരണമാകുകയും ചെയ്യുകയുണ്ടായി.

ഇവിടെ അൻസാറുകളുടെ ആശ്ചാര്യാവഹവും അസൂയാർഹവുമായ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാതൃക കാണാൻ കഴിയുന്നുണ്ട്. നബി(സ) ധനം വീതം വെക്കുമ്പോൾ ഹദ്റത്ത് സാബിത് ബിൻ ഖൈസ് ശുമാസ്(റ)നോട് പറഞ്ഞു: എനിക്ക് മുന്നിൽ നിങ്ങളുടെ ഗോത്രക്കരെ മുഴുവനും കൊണ്ടുവരൂ. എല്ലാ അൻസാറുകളെയും വിളിക്കൂ. അങ്ങനെ അദ്ദേഹം ഔസ്, ഖസ്റജ് ഗോത്രക്കാരെ വിളിച്ചുകൂട്ടി. അൻസാറുകൾ മുഹാജിരീംകളോട് ചെയ്ത സൽപ്പെരുമാറ്റത്തെ പറ്റി പരാമർശിച്ചുകൊണ്ടു നബി(സ) പറഞ്ഞു: ബനൂനദീറിൽനിന്ന് ലഭ്യമായ ധനം നിങ്ങൾക്കും മുഹാജിരീംകൾക്കുമിടയിൽ വിതരണം ചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ മുഹാജിരീംകൾ നിങ്ങളുടെ വീടുകളിൽ തന്നെ കഴിയുകയും നിങ്ങളുടെ സമ്പത്തിന്റെ ഉടമസ്ഥരായി തുടരുന്നതുമാണ്. ഇനി നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ ഇത് മുഹാജിരീംകളിൽ വിതരണം ചെയ്യുകയാണെങ്കിൽ അവർ നിങ്ങളുടെ വീടുകളിൽനിന്ന് ഒഴിഞ്ഞുപോകുന്നതാണ്. അപ്പോൾ ഹദ്റത്ത് സഅദ് ബിൻ ഉബാദയും ഹദ്റത്ത് സഅദ് ബിൻ മആദും(റ.മാ) പറഞ്ഞു: ഞങ്ങളുടെ സമ്പത്ത് അവരുടെ പക്കലുള്ളത് അവർ വെച്ചുകൊള്ളട്ടെ. കൂടാതെ ബനൂനദീറിൽനിന്ന് കിട്ടിയ മുഴുവൻ സമ്പത്തും ഞങ്ങളുടെ മുഹാജിർ സഹോദരന്മാർക്ക് തന്നെ വിതരണം ചെയ്താലും. അൻസാറുകളുടെ ഭാഗത്തുനിന്നും അല്ലയോ ദൈവദൂതരേ, ഞങ്ങൾ അതിൽ സന്തുഷ്ടരും അത് അംഗീകരിക്കുന്നവരുമാണ് എന്ന ശബ്ദം കേൾക്കാൻ തുടങ്ങി. നബി(സ) ഈ ത്യാഗമനോഭാവം കണ്ടപ്പോൾ അതീവ സന്തുഷ്ടനായി പറഞ്ഞു: അല്ലാഹുവേ, അൻസാറിനും അവരുടെ സന്തതികൾക്കുമേലും നീ കരുണ ചൊരിയേണമേ!

ഏതായാലും ഇവിടെ ബനൂനദീർ യുദ്ധനീക്കത്തിന്റെ പരാമർശം അവസാനിക്കുകയാണ്. ഇനി ഇൻശാ അല്ലാഹ് മറ്റ് യുദ്ധനീക്കങ്ങളെ കുറിച്ച് പരാമർശിക്കുന്നതാണ്.

പാകിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടിയും അവിടെയുള്ള അവസ്ഥകൾ നന്നാകാൻ വേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കുക. (അല്ലാഹു അവിടെയുള്ള പൊതുവായ സമാധാനത്തിന്റെ അവസ്ഥയും നന്നാക്കുമാറാകട്ടെ. അഹ്മദികളെ തന്റെ സംരക്ഷണയിൽ വെക്കുമാറാകട്ടെ.) ലോകത്ത് മുസ്‌ലിംകളുടെ പൊതുഅവസ്ഥക്കുവേണ്ടിയും ദുആ ചെയ്യുക. (ഇവർക്കും കാലത്തിന്റെ ഇമാമിനെ അംഗീകരിച്ചുകൊണ്ട് തങ്ങളുടെ അന്തസ്സും ആഭിജാത്യവും വീണ്ടെടുക്കാൻ കഴിയുമാറാകട്ടെ. ലോകത്ത് പൊതുവെ ഉണ്ടാകുന്ന യുദ്ധ സമാനമായ സാഹചര്യത്തിലും ദുആ ചെയ്യുക. ഈ യുദ്ധം എന്തായാലും ഉണ്ടാകുമെന്ന നിലയിലേക്കാണ് ലോകം പോകുന്നത്. അല്ലാഹു എല്ലാ അഹ്മദികളെയും എല്ലാ നിരപരാധികളെയും എല്ലാ ദ്രോഹത്തിൽനിന്നും സംരക്ഷിക്കുമാറാകട്ടെ.)

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 28.06.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516